സംസ്ഥാന മിഷൻ ഡയറക്ടർ നടത്തുന്ന പ്രതിമാസ അവലോകന യോഗത്തിലും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ എല്ലാ പദ്ധതികളുടെയും സാമ്പത്തിക ഭൗതിക പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഇതുകൂടാതെ സംസ്ഥാനതലത്തിൽ നടത്തുന്ന സ്റ്റേറ്റ് റിവ്യൂ മിഷൻ എല്ലാ ജില്ലാ എൻ.ആർ.എച്ച്.എം. ഓഫീസുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും ജില്ലാ പ്രോഗ്രാം ഓഫീസർമാർ എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും മെഡിക്കൽ ഓഫീസർ നടത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ അവലോകന യോഗത്തിലും നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. *

(സി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ദേശീയ ആരോഗ്യ ദൗത്യം (നാഷണൽ ഹെൽത്ത് മിഷൻ) ഒരു സമയബന്ധിത ആരോഗ്യ ദൗത്യമായതിനാൽ സ്ഥിര നിയമനമില്ല.

ശ്രുശ്രൂഷ ഹൈടെക് ലബോറട്ടറികൾ

40 (T2508) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആതുരസേവന മേഖലയിൽ എല്ലാ ജില്ലകളിലും ശ്രുശ്രൂഷ ഹൈടെക് ലാബോറട്ടറികൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ആതുരസേവന മേഖലയിൽ എല്ലാ ജില്ലകളിലും ശ്രുശ്രൂഷ ഹൈടെക് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 2210 പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly